ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ)	ലഭിച്ച തുക	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	4500	4500	7100
2012-13	8417	8417	6032
2013-14	9000	9000	8654
2014-15	11549	7500	8616
2015-16 (31-10-2015 വരെ)	12249	- -	4906

മുൻ വർഷങ്ങളിൽ ലഭിച്ചതും തൊട്ടടുത്ത വർഷങ്ങളിൽ പ്രസ്തുത തുക ചെലവഴിച്ചതിനാലുമാണ് ചില വർഷങ്ങളിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) ഉണ്ട്. കുടുംബശ്രീ പ്രവർത്തകർക്ക് 2013 മുതൽ ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നു.

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ

225 (3432) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു;

(ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കുടുംബശ്രീ മിഷൻ വിവിധ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബശ്രീകൾക്ക് നൽകാനുള്ള ഗ്രാന്റുകളും സബ്സിഡികളും കുടിശ്ശികയില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം ആകെ 62937 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതികൾ	2006-07	2007-08	2008-09	2009-10	2010-11	ആകെ
1	പ്ലാൻ ഫണ്ട്	1967	2780	5047	12188	8988	30970
2	എസ്. ജെ .എസ് .ആർ.വൈ.	596	611	648	877	2015	4747
3	ബി.എസ്.യു.പി.	-	-	5764	4178	5156	15098
4	ഐ .എച്ച് .എസ്.ഡി.പി.	-	4031	1847	3699	2545	12122
					ആകെ		62937

(ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കുടുംബശ്രീ മിഷൻ വിവിധ പദ്ധതികൾക്കായി ആകെ 90649.5 ലക്ഷം രൂപ 30-11-2015 വരെ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതികൾ	2011-12	2012-13	2013-14	2014-15	2015-16	ആകെ
1	പ്ലാൻ ഫണ്ട്	7100	6032	8654	8616	5352	35754
2	എസ്. ജെ.എസ്.ആർ.വൈ.	954	1632	6445	418	1303	10752
3	എൻ.ആർ.എൽ.പി.	-	68	103.03	476.17	287.91	935.11
4	എൻ.ആർ.എൽ.എം.	-	1869	3093.49	3141.84	1268.06	9372.39
5	എൻയു.എൽ.എം.	-	-	-	-	280	280
6	ഐ.എച്ച് .എസ്.ഡി.പി.	3169	2029	475	6869	532	13074
7	ബി.എസ്.യു.പി.	4316	1392	3908	1266	65	10947
8	ആർ.എ.വൈ.	129	102	1927	123	1265	3546
9	ഡി. ഡി.യു.ജി.കെ.വൈ.	-	-	-	2876	626	3502
10	എം.കെ.എസ്.പി.	16	1253	1147	35	36	2487
					ആകെ		90649.50

(സി) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാന്റുകളും സബ്സിഡികളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

226 (3433) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

പഞ്ചായത്ത് വകുപ്പുവഴി നടപ്പിലാക്കുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതി രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ.) ആണ്. പ്രസ്തുത പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 6035.49 ലക്ഷം രൂപ വകയിരുത്തിയതിൽ ലഭിച്ച 1449.12 ലക്ഷം രൂപയിൽ 793.87 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. 2015-16 സാമ്പത്തിക വർഷത്തിൽ 10.54 കോടി രൂപ വകയിരുത്തി. എന്നാൽ ചെലവുണ്ടായിട്ടില്ല.

കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ

227 (3434) ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങളെ വിപുലപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) മിഷനിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ടോ; കമ്മിറ്റിയംഗങ്ങൾ ആരൊക്കെയെന്നും വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മിഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള അവലോകന റിപ്പോർട്ട് നൽകാമോ;

(സി) 2011 ഏപ്രിൽ 1 മുതൽ 2015 നവംബർ 30 വരെയുള്ള കാലയളവിൽ മിഷന് വേണ്ടി നീക്കിവച്ച തുക എത്ര; വിനിയോഗിച്ച തുക എത്ര;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിഷനിൽ നിയമിച്ച താത്കാലിക ജീവനക്കാർ എത്ര; ഇവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly